**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **29-01-2024 - ല്‍ മറുപടിയ്ക്ക്**

**നവകേരള സദസ്സിന്റെ വിലയിരുത്തല്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രന്‍,<br>ശ്രീമതി കാനത്തില്‍ ജമീല,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പിണറായി വിജയന്‍<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരളത്തിന്റെ ഭാവി വികസന സാധ്യതകളും സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങളും പൊതുജന സമക്ഷം അവതരിപ്പിക്കുന്നതിനും ജനങ്ങളുമായി സംവദിക്കുന്നതിനുമായി നവകേരള സദസ്സിലൂടെ സാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ; | (എ) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങള്‍ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും സമൂഹത്തിന്റെ ചിന്താഗതികള്‍ അടുത്തറിഞ്ഞ് നവകേരള സൃഷ്ടിക്ക് ഉതകുന്ന നിര്‍ദ്ദേശങ്ങള്‍ സ്വരൂപിക്കുന്നതിനുമായാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്.<br><br>മുഖ്യമന്ത്രിയുടെ നേതൃത്വത്തില്‍ മുഴുവന്‍ മന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇതിന്റെ ഭാഗമായി പര്യടനം നടത്തി. നിയോജക മണ്ഡല അടിസ്ഥാനത്തില്‍ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളില്‍ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സ്വാതന്ത്ര്യ സമര സേനാനികളും സാഹിത്യനായകന്‍മാരും നിയമജ്ഞരും കലാ-കായിക താരങ്ങളും കര്‍ഷകരും തൊഴിലാളികളും തദ്ദേശീയ ജനതയുടെ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങള്‍ പങ്കുവച്ചു. ജനങ്ങളുടെ വിവിധങ്ങളായ നിര്‍ദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും സദസ്സ് വേദിയായി. നാടിന്റെ ആവശ്യങ്ങളും സര്‍ക്കാര്‍ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ചര്‍ച്ച ചെയ്യുന്നതിനുള്ള ഉപാധി കൂടിയായിരുന്നു ഈ പരിപാടി. ഇതിലൂടെ ജനാധിപത്യ ഭരണ നിര്‍വ്വഹണ ചരിത്രത്തിലെ അത്യപൂര്‍വ അദ്ധ്യായമായി നവകേരള സദസ്സ് മാറി. |
| (ബി) | നവകേരള സദസ്സിലെത്തിച്ചേര്‍ന്നതും സദസ്സിനെ നിഷ്പക്ഷമായി വിലയിരുത്തുകയും ചെയ്ത വ്യത്യസ്ത മേഖലകളിലെ പ്രമുഖരുടെ പ്രതികരണങ്ങള്‍ | (ബി) | സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നത് ഉള്‍പ്പെടെ പ്രഭാത യോഗങ്ങളില്‍ ലഭിച്ച വിവിധ നിര്‍ദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായി |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ വെളിപ്പെടുത്താമോ; | | പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഇതിൻമേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ജനാധിപത്യത്തിനും മതേതരത്വത്തിനും ഫെഡറൽ തത്വത്തിനും എതിരായ ആശയങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനുള്ള മാനവീയതയുടെ മുന്നേറ്റം കൂടിയായി നവകേരള സദസ്സ് മാറിയെന്ന അഭിപ്രായം സർക്കാരിനുണ്ടോ; വിശദമാക്കാമോ? | (സി) | ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾക്കും ജനാധിപത്യവും മതനിരപേക്ഷതയും സംരക്ഷിക്കുന്നതിനുള്ള പോരാട്ടങ്ങൾക്കും ജനപിന്തുണ ആർജ്ജിക്കാനും അതിന് കരുത്ത് പകരാൻ നവ കേരളസദസ്സിലൂടെ കഴിഞ്ഞിട്ടുണ്ട്. നാടിന്റെ പുരോഗതിക്കായി കൂടുതൽ ഊർജ്ജത്തോടെ മുന്നോട്ടു പോകാനുള്ള പ്രചോദനം പകരുന്നതു കൂടിയായിരുന്നു നവകേരളസദസ്സ്. |

സെക്ഷൻ ഓഫീസർ